പ്രസ്സ് റിലീസ്

ഭാരതീയ റിസർവ് ബാങ്ക്
www.rbi.org.in

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷന് സെന്ട്രല് ഓഫീസ്,
എസ്.ബി.എസ്. മാർഗ്, മുംബൈ - 400001
ഫോണ് : 91 22 2266 0502, ഫാക്സ് : 91 22 2266 0358

ഇമെയില് : helppdoc@rbi.org.in

ഡിസംബര് 02, 2019

## ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 (എഎസിഎസ്) - ലെ സെക്ഷൻ 35 എ പ്രകാരം റുപ്പി കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, പുനെ, മഹാരാഷ്ട്ര-യ്ക്ക് നൽകിയിരുന്ന ആജ്ഞാപനങ്ങൾ

2013 ഫെബ്രുവരി 21-ാം തീയതിയിലെ യുബിഡി.സിഒ.ബിഎസ്ഡി.1./ഡി - 28/12.22.218/ 2012-13 പ്രകാരമുള്ള നിർദേശമനുസരിച്ച് മഹാരാഷ്ട്രയിലെ പൂനെയിൽ പ്രവർത്തിക്കുന്ന റുപ്പി കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിനെ 2013 ഫെബ്രുവരി 22-ലെ ബിസിനസ് സമയം അവസാനിപ്പിച്ചതുമുതൽ ഭാരതീയ റിസർവ് ബാങ്കിന്റെ ആജ്ഞാപനങ്ങൾക്ക് വിധേയമാക്കിയിരുന്നു. ഈ ആജ്ഞാപനങ്ങളുടെ കാലാവധി തുടർന്നുള്ള നിർദേശങ്ങൾ പ്രകാരം അതത് കാലങ്ങളിൽ ദീർഘിപ്പിച്ചിരുന്നു. ഏറ്റവുമൊടുവിലായി, നിർദേശങ്ങൾ നൽകിയത് 2019 ഓഗസ്റ്റ് 28-ാം തീയതിയിലെ ഡിസിബിആർ.സിഒ.എഐഡി/നമ്പർ ഡി-12/12.22.218/2019-20 പ്രകാരമായിരുന്നു. ഇതിന്, പുനരവലോകനത്തിന് വിധേയമായി 2019 നവംബർ 30 വരയ്ക്കും സാധുതയുണ്ടായിരുന്നു.

2. ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 - ലെ സെക്ഷൻ 56-നോടൊപ്പം ചേർത്ത് വായിക്കണ്ടേ സെക്ഷൻ 35 എ യുടെ സബ്സെക്ഷൻ (1) പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ഭാരതീയ റിസർവ് ബാങ്ക് 2013 ഫെബ്രുവരി 21-ന് പുറപ്പെടുവിച്ച യുബിഡി.സിഒ.ബിഎസ്ഡി.1./ഡി-28/12.22.218/2012-13-ാം നമ്പരായി മേൽപ്പറഞ്ഞ ബാങ്കിന് നൽകിയതും, അതത് കാലത്ത് ഭേദഗതി ചെയ്യപ്പെട്ടിരുന്നതും, ഏറ്റവുമൊടുവിലായി 2019 നവംബർ 30-ാം തീയതി വരയേ്ക്കും കാലാവധി ദീർഘിപ്പിച്ചു നൽകിയതുമായ പൊതുമാർഗനിർദേശം, പുനവരലോകനത്തിന് വിധേയമായി 2019 നവംബർ 20-ന് പുറപ്പെടുവിച്ച പൊതുമാർഗനിർദേശം ഡിഒആർ.സിഒ.എഐഡി/നമ്പർ ഡി-40/12.22.218/2019-20 പ്രകാരം 2019 ഡിസംബർ 01 മുതൽ 2020 ഫെബ്രുവരി 29 വരയേ്ക്കും

നീട്ടിയിരിക്കുന്നതായി ഭാരതീയ റിസർവ് ബാങ്ക് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പരസ്യപ്പെടുത്തുന്നു.

3. പൊതുജനങ്ങളുടെ പരിശോധനയ്ക്കായി, സമയപരിധി ദീർഘിപ്പിച്ച വിവരം പരസ്യപ്പെടുത്തിക്കൊണ്ടുള്ള 2019 നവംബർ 20-ാം തീയതിയിലെ ആജ്ഞാപനത്തിന്റെ ഒരു പകർപ്പ് ബാങ്ക് കെട്ടിടത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

4. ഭാരതീയ റിസർവ് ബാങ്ക് അനുവദിച്ച മേൽപ്പറഞ്ഞ കാലാവധി ദീർഘിപ്പിക്കൽ/ ഭേദഗതിയെ മുകളിൽ പരാമർശിച്ച ബാങ്കിന്റെ ധനകാര്യസ്ഥിതിയിലെ പുരോഗതിയെക്കുറിച്ച് ഭാരതീയ റിസർവ് ബാങ്ക് തൃപ്തനാണെന്നതിന്റെ സൂചനയായി പ്രകൃത്യാ വ്യാഖ്യാനിക്കാൻ പാടുള്ളതല്ല.

**(യോഗേഷ് ദയാല്)**

പ്രസ് റിലീസ് : **2019-2020/1325** ചീഫ് ജനറല് മാനേജര്